പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3327 — 14.03.2018 ൽ മറുപടിക്ക്

## മണ്ണാർക്കാട് മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രം

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ ഏത് പ്രാഥമികാരോഗ്യ കേന്ദ്രത്തെയാണ് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുവാനായി ശിപാർശ നൽകിയിട്ടുള്ളത്; | (എ)<br>&<br>(ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ കുമരംപുത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി. പ്രവർത്തിച്ചു വരുന്നുണ്ട്. ലബോറട്ടറി 9 മണി മുതൽ 4 മണി വരെ പ്രവർത്തിച്ചു വരുന്നുണ്ട്. 12.05.2017 ലെ സ.ഉ.(എം.എസ്സ്.)നം.75/2017/ആ.കു.വ. പ്രകാരം ടി സ്ഥാപനത്തിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്കായി 8 ലക്ഷം രൂപയുടെ ഫണ്ട് അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുണ്ട്. ആശുപത്രിയുടെ പ്രവർത്തനം നല്ല രീതിയിൽ നടന്നു വരുന്നുണ്ട്. |
| (ബി) | ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ